TB Movie Panel Weekly Review

**#MoviePanel**

AADAI

എഴുതിയത് :സന്ധ്യ നരേൻ

"Freedom is not a game to be played without rules and boundaries."

എവിടെയാണ് ഒരു സ്ത്രീയുടെ സ്വാതന്ത്ര്യം അവസാനിക്കുന്നത്? അല്ലെങ്കിൽ പോട്ടെ സ്ത്രീയുടേതായാലും പുരുഷന്റേതായാലും സ്വാതന്ത്ര്യത്തിനു അതിര് വരമ്പുകളുണ്ടോ ? രസത്തിനും തമാശക്കും വേണ്ടി എന്തും ചെയുമ്പോൾ അത് മറ്റൊരു വ്യക്തിയുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നു ചിന്തിക്കുന്നത് നന്നായിരിക്കും. അതിരു വിട്ട മാധ്യമ കസർത്തുകൾ സമൂഹത്തിന്റെ മൊത്തം മൂല്യങ്ങളെയാണ് ബാധിക്കുക.

ഒരുപാടു ചിന്തിക്കാനുള്ള, shocking effect കൊടുക്കുന്ന ഒരു അടിപൊളി ത്രില്ലർ സർവൈവർ തമിഴ് സിനിമയാണ് "ആട" (വസ്ത്രം എന്നു അർഥം). വളരെ വ്യത്യസ്തമായ ഒരു പ്രമേയം, തുടക്കത്തിലേ ഭാഗങ്ങൾ ഒഴിച്ചാൽ, 24 മണിക്കൂറിൽ സംഭവിക്കുന്ന കാര്യങ്ങൾ അങ്ങേയറ്റം സസ്പെൻസ് ഉണർത്തുന്ന രീതിയിൽ എടുക്കാൻ കഴിഞ്ഞത് തികച്ചും പ്രശംസാര്ഹമാണ്.

തുടക്കത്തിൽ തന്നെ പത്തൊമ്പതാം നൂറ്റാണ്ടിൽ മുലക്കരം കൊടുക്കാൻ വിസമ്മതിച്ചു സ്വന്തം മുലകൾ വെട്ടി വീര മൃത്യു വരിച്ച നങ്ങേലിയുടെ കഥ കാണിക്കുന്നു. ഇന്ന് ലോകത്തിന്റെ മറ്റൊരു ഭാഗത്തു, മുലക്കച്ച ധരിക്കില്ല എന്ന അർത്ഥത്തിൽ "ഫ്രീ ദി നിപ്പിൾ" എന്ന ഒരു ദശകത്തോളം പഴക്കമുള്ള movement നടക്കുന്നു. എന്തൊരു പാരഡോക്സ് അഥവാ വിരോധാഭാസം അല്ലെ? എന്തായാലും വസ്ത്രം ധരിക്കാനും ധരിക്കാതിരിക്കാനും എന്ത് ധരിക്കാനും സ്വാതന്ത്ര്യം വേണം എന്നതാണ് അന്തർലീനമായ കാതൽ.

കഥയിലേക്ക് കടക്കാം. തന്റേടത്തോടെ, തന്നിഷ്ടത്തോടെ, സ്വാതന്ത്ര്യത്തോടെ ജീവിതം ആസ്വദിച്ചും ആഘോഷിച്ചും ജീവിക്കുന്ന കാമിനി എന്ന യുവതി. അവളുടെ അമ്മയാകട്ടെ ഇതൊന്നും ഇഷ്ടപ്പെടാത്ത ഒരു സ്റ്റീരിയോടൈപ്പ് അമ്മയും.

അടിവസ്ത്രങ്ങൾ കഴുകി ഉണക്കാനിടുമ്പോൾ പോലും മറ്റുള്ളവർ കാണാതെ മറിച്ചിടാൻ ശ്രമിക്കുന്ന തലമുറയിൽ നിന്നും ധരിച്ചിരിക്കുന്ന അടിവസ്ത്രങ്ങൾ പുറമെ കാണിക്കുന്നത് ഫാഷൻ ആയ പുതിയ തലമുറയുടെ മൂല്യച്യുതി ആ അമ്മ ചോദ്യം ചെയുന്നു.

അമ്മയും കാമിനിയും പ്രതിനിധീകരിക്കുന്നത് രണ്ടു തലങ്ങളാണ്. ഒപ്പം മൂന്നാമതൊരു സ്ത്രീ കഥാപാത്രം കൂടി ഈ സിനിമയിൽ വ്യത്യസ്തയായ സ്ത്രീ സ്വത്വത്തെ കാണിക്കുന്നു അതറിയാൻ നിങ്ങൾ അവസാന ഭാഗം വരെ കാണണം ഞാൻ സൂചന നൽകുന്നില്ല.

മറ്റുള്ളവരെ കഴുതകളാക്കുന്ന ഒരു പ്രാങ്ക് ഷോ ചെയുന്ന ടെലിവിഷൻ ആങ്കർ ആണ്

കാമിനി. 5 പേർ അടങ്ങുന്ന ആ ടീം വളരെ അടുത്ത സുഹൃത്തുക്കളുമാണ്. എന്തും ചെയ്യാൻ കഴിയുമെന്ന ആത്മ വിശ്വാസത്തോടെ തനിക്കു നേരെ ഉയരുന്ന ഏതു വെല്ലുവിളിയും സ്വീകരിച്ചു നേരിടുന്ന അസാമാന്യ ധൈര്യ ശാലിയാണ് കാമിനി. അതിനു വേണ്ടി അവൾ എന്തും ചെയ്യും.

ഒരു രാത്രി kamini യുടെ പിറന്നാൾ ആഘോഷിക്കാൻ കൂടിയ ഈ സുഹൃദ് സംഘം മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ലഹരിയിൽ മയങ്ങുന്നു. അതിനിടയിൽ വിചിത്രമായ ഒരു വെല്ലുവിളി കാമിനി ഏറ്റെടുക്കുന്നു.

സ്വന്തം വസ്ത്രങ്ങൾ ഓരോന്നോരോന്നായി ഊരി വാർത്തകൾ വായിക്കുന്ന ഒരു അമേരിക്കൻ പരിപാടി തനിക്കു അനുകരിക്കാൻ കഴിയും എന്നായിരുന്നു അത്. അതിനു ശ്രമിച്ച കാമിനിയെ സുഹൃത്തുക്കൾ തടഞ്ഞു എങ്കിലും ദുരൂഹമായ മറ്റൊന്ന് അവിടെ സംഭവിക്കുന്നു.

പിറ്റേന്ന് ഉറക്കമുണർന്ന കാമിനി നഗ്നമായ സ്വന്തം ദേഹം കണ്ടു ഞെട്ടുന്നു.പൂർണ നഗ്നയായ അവൾക്കു മറക്കാൻ യാതൊന്നും തന്നെ അവിടെ കിട്ടിയില്ല. ആരുടേയും കണ്ണിൽ പെടാതെ അല്ലെങ്കിൽ ശരീരം മറക്കാൻ ഏതെങ്കിലും പഴുതുകൾ കിട്ടാതെ അവൾ എങ്ങനെ രക്ഷപ്പെടും? ആരായിരുന്നു, എന്തിനായിരുന്നു കാമിനിയോട് ഇത് ചെയ്തത് ?
ഈ സംഭവം കാമിനിയെ എങ്ങനെ മാറ്റുന്നു? ഉദ്വേഗത്തിന്റെ മുൾമുനയിൽ പ്രേക്ഷകനെ നിർത്തുന്നതാണ് ഇതിലെ ഓരോ സീനും.
പ്രത്യക്ഷത്തിൽ ന്യൂഡിറ്റി കാണിക്കാതെ തന്നെ വിജയകരമായി ഈ ചിത്രം നമ്മളിൽ ഉത്കണ്ഠ ജനിപ്പിക്കുന്നു. വളരെ മികച്ച സ്ക്രിപ്റ്റും കൂടിയാണ്.
"ഇവിടെ ഞാൻ എന്റെ മാനം കാക്കാൻ ശ്രമിക്കുമ്പോഴാണോ നിനക്ക് ഭക്ഷണം വേണ്ടത്" എന്നു കാമിനി വിശക്കുമ്പോൾ വയറിനോട് ചോദിക്കുന്ന ചോദ്യം കുറിക്കു കൊള്ളുന്നതാണ്.

കാമിനിയായി അഭിനയിച്ച അമല പോൾ ഇതിൽ ഷോ-സ്റ്റീലെർ ആണ് എന്നു നിസ്സംശയം പറയാം.

ലോജിക്കിന്റെയും പ്രാക്ടിക്കലിറ്റിയുടെയും അടിസ്ഥാനത്തിൽ നമ്മുടെ മനസ്സിൽ ഉയരുന്ന ഏതാനും ചില ചോദ്യങ്ങൾ മാറ്റി നിർത്തിയാൽ ഇത് മികച്ച underrated സിനിമ തന്നെ.

സിനിമയെ പറ്റി അറിഞ്ഞത് മുതൽ കാണാൻ കാത്തിരിക്കുന്ന ഞാൻ ഇന്ന് ആമസോൺ പ്രിമിൽ കണ്ടപ്പോൾ നിരാശപ്പെട്ടില്ല എന്നു മാത്രമല്ല ഓരോ സീനും ഓരോ ഷോട്ടും കൺ ചിമ്മാതെ ഹൃദയമിടിപ്പോടെയാണ് കണ്ടത്.

കഥ എഴുതി സംവിധാനം ചെയ്ത രത്ന കുമാർ എന്നാ യുവ സംവിധായകൻ, ബ്രില്ലിയൻറ് ആയി എഡിറ്റിംഗ് ചെയ്ത ഷഫീഖ് മുഹമ്മദ് അലി, സിനിമാട്ടോഗ്രാഫർ വിജയ് കാർത്തിക് കണ്ണൻ ഇവരുടെ ഉജ്ജ്വലമായ ടീം വർക്കിനോടൊപ്പം പ്രദീപ് കുമാറിന്റെ ഊർക്ക ബാൻഡ് മ്യൂസിക് കഥയുടെ ചടുല താളത്തോടൊപ്പം സന്നിവേശിപ്പിച്ചിരുന്നു.

A must watch film by any film lovers!